**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 18.07.2016-ൽ |
| ചോദ്യം നമ്പർ - 2047 | മറുപടിയ്ക്ക് |

**ശബരിമല തീർത്ഥാടനകാലത്തെ സുരക്ഷിത യാത്ര**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീ.എം.എം. മണി<br>ശ്രീ.എം. മുകേഷ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ശബരിമല തീർത്ഥാടനകാലത്തുണ്ടാകുന്ന വാഹന ബാഹുല്യം കണക്കിലെടുത്തു പമ്പയിലേക്കുള്ള പ്രധാന റോഡുകളും അനുബന്ധ റോഡുകളും നവീകരിക്കാനും വീതി വർദ്ധിപ്പിക്കാനും പദ്ധതിയുണ്ടോ; | (എ) അറ്റകുറ്റപ്പണികൾ അനിവാര്യമായിട്ടുള്ള പമ്പയിലേക്കുള്ള പ്രധാന റോഡുകളും, അനുബന്ധ റോഡുകളും നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) മുൻ വർഷങ്ങളിൽ തീർത്ഥാടന കാലത്ത് അറ്റകുറ്റപണികൾ നടത്തുകയും എന്നാൽ തീർത്ഥാടന കാലയളവു തീരുന്നതിനു മുമ്പുതന്നെ ഇവ പഴയ സ്ഥിതിയിൽ ആയിത്തീരുകയും ചെയ്തിരുന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) അത്തരം പരിശോധന നടന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. |
| (സി) ഈ രീതിക്കു പകരം തീർത്ഥാടന കാലം ആരംഭിക്കുന്നതിനു മുമ്പു തന്നെ ഈടുറ്റ രീതിയിൽ പ്രധാന റോഡുകളുടെയും അനുബന്ധ റോഡുകളുടെയും അറ്റകുറ്റപ്പണി പൂർത്തിയാക്കി തീർത്ഥാടകർക്ക് സുരക്ഷിതമായ യാത്രാ സൗകര്യമൊരുക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) 2016-ലെ മണ്ഡല-മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല റോഡുകളുടെ പുനഃരുദ്ധാരണം നടത്തുന്നതു സംബന്ധിച്ചു ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.06.2016-ന് ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. തീർത്ഥാടന കാലം ആരംഭിക്കുന്നതിനു മുൻപ് തന്നെ ശബരിമലയിലേയ്ക്കുള്ള പ്രധാന റോഡുകളുടെയും അനുബന്ധ റോഡുകളുടെയും അറ്റകുറ്റപ്പണി പൂർത്തിയാക്കി തീർത്ഥാടകർക്ക് സുരക്ഷിതമായ യാത്രാ സൗകര്യമൊരുക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ